**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1067** **30-06-2022 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന തലശ്ശേരി- കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതിയുടെ പൂർത്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ വിവിധ ഘടകങ്ങൾ സ്ഥാപിക്കുവാൻ 5 സ്ഥലങ്ങൾ ആവശ്യമുള്ളതിൽ 3 സ്ഥലങ്ങൾ ലാന്റ് അക്വിസിഷൻ വഴി ഏറ്റെടുക്കേണ്ടതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. സ്ഥലങ്ങളുടെ കമ്പോളവില നിർണ്ണയിച്ച് കണ്ണൂർ ജില്ല കളക്ടർ 24.5.22 ന് ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് എൽഎ/ എസ്റ്റാബ്ലിഷ്മെന്റ് ചാർജിനത്തിൽ 45 ലക്ഷം രൂപ ഒടുക്കുവാനുള്ള നിർദ്ദേശം സ്പെഷ്യൽ തഹസിൽദാർ (എൽ എ), തലശ്ശേരിയിൽ നിന്നും 28.5.22 ന് ലഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് തുക ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക ഒടുക്കുന്നതാണ്. ശേഷിക്കുന്ന ആവശ്യമായ രണ്ടു സ്ഥലങ്ങളിൽ ഒന്നു പാനൂർ മുനിസിപ്പാലിറ്റി അനുവദിച്ചു തന്നിട്ടുണ്ട്. രണ്ടാമത്തെ സ്ഥലം ചൊക്ലി പഞ്ചായത്തിനായുള്ള 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിനായി ചൊക്ലി ഗവണ്മെന്റ് കോളേജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ ഉപയോഗാനുമതി ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനായി കോളേജ് പ്രിൻസിപ്പൽ മുഖേന സമർപ്പിച്ചിട്ടുണ്ട്. ഇത് ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിക്ക് ഘടകങ്ങൾ നിർമ്മിക്കാനാവശ്യമായ സ്ഥലങ്ങൾ ലഭ്യമായാൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനിയുള്ള നടപടിക്രമങ്ങൾ എന്തെല്ലാം; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | സ്വകാര്യ/ഗവൺമെന്റ് ഭൂമികൾ കേരള വാട്ടർ അതോറിറ്റിക്ക് ലഭ്യമായ ഉടനെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ